# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 11 - 742/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 20/12/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 11 - 742/2021 തീയ്യതി: 20/12/2021

# പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 18-10-2021 | 30-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-10-2021 | 30-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽകുമാർ യു എസ്, ഓഡിറ്റർ
ശ്രീമതി ദീപ കെ എസ്, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മണിയാർ രാധാകൃഷ്ണൻ | പ്രസിഡന്റ് | 01-04-2019 | 04-11-2019 |
| ശ്രീമതി സ്വപ്ന സൂസൻ ജേക്കബ് | പ്രസിഡന്റ് | 05-11-2019 | 26-12-2019 |
| ശ്രീ. ഷാജി മാനാപ്പള്ളി | പ്രസിഡന്റ് | 27-12-2019 | 31-03-2020 |
| ശ്രീമതി ജ്യോതി എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജേഷ് ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ഓമന എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ. ജിഷ വി എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. ആഷിത എ ജെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 24-12-2019 |
| ഡോ. ശ്രുതി ആർ എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 25-12-2019 | 31-03-2020 |
| ശ്രീമതി പ്രവീണ എ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി വിശ്വലക്ഷ്മി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. അനിയൻ എ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-12-2019 |
| ശ്രീ. മനോജ് ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-01-2020 | 04-03-2020 |
| ശ്രീ. സജീഷ് കുമാർ | ഡയറി ഫാം | 05-03-2020 | 31-03-2020 |

| | | | |
|---|---|---|---|
| | ഇൻസ്ട്രക്ടർ | | |
| ശ്രീ. രമേഷ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1&2 | 01-04-2019 | 30-06-2019 |
| ശ്രീ. ലാലു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1&2 | 01-07-2019 | 10-10-2019 |
| ശ്രീ. രാജേഷ് കുമാർ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1&2 | 11-10-2019 | 31-03-2020 |
| ശ്രീ. റജി | പ്രധാനാദ്ധ്യാപകൻ, ജി.എൽ.പി.എസ് | 01-04-2019 | 31-03-2020 |
| ഡോ. സിന്ധു കെ എ | വെറ്ററിനറി സർജൻ | 01-04-2019 | 27-12-2019 |
| ഡോ. ഡാനിയൽ ജോൺ | വെറ്ററിനറി സർജൻ | 28-12-2019 | 31-03-2020 |
| ഡോ. ശ്രീകുമാർ എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Muhsin Faisal (Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sunilkumar.U.S (Auditor, On 31-10-2021)<br>Last Updated By: Muhsin Faisal (Audit Officer, On 10-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sunilkumar.U.S (Auditor, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Sunilkumar.U.S (Auditor, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Muhsin Faisal (Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayaprabha P (Asst. Audit Officer, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Arun S Nair (Asst. Audit Officer, On 23-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sunilkumar.U.S (Auditor, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Arun S Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 23-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-10 |
| 11 | വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല.<br>Written By: Sunilkumar.U.S (Auditor, On 31-10-2021)<br>Last Updated By: Joe M James (Computer Assistant, On 23-11-2021) | 1-11 |
| 12 | രസീതുകളുടെ ഉപയോഗം-പൊതു അപാകങ്ങൾ<br>Written By: K S Deepa (Auditor, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-12 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: K S Deepa (Auditor, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-13 |
| 14 | വികസന ഫണ്ടിൽ നിന്നും പിൻവലിച്ച തുക ചെലവഴിച്ചില്ല<br>Written By: Jayaprabha P (Asst. Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-14 |
| 15 | ലാപ്ടോപ്പ് അധികം തുക ഒടുക്കി<br>Written By: Muhsin Faisal (Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-15 |
| 16 | ലാപ്ടോപ്പിന് അധികം തുക ഒടുക്കി<br>Written By: Muhsin Faisal (Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-15(1) |
| 17 | കരാറുകാർക്ക് ബിൽതുക നൽകിയപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല.<br>Written By: Muhsin Faisal (Audit Officer, On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-16 |
| 18 | ABC പ്രോഗ്രാം - അവലോകനം | 1-17 |

| | | |
|---|---|---|
| | Written By: Arun S Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: Muhsin Faisal (Audit Officer, On 10-12-2021) | |
| 19 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ലഭ്യമായ തുക ചെലവഴിക്കുന്നതിൽ വീഴ്ച<br>Written By: Arun S Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: Muhsin Faisal (Audit Officer, On 10-12-2021) | 1-18 |
| 20 | പൊതുടാപ്പുകളുടെ വെള്ളക്കരം- ഗാർഹിക കണക്ഷനുകൾ പ്രോത്സാഹിപ്പിക്കുന്നില്ല<br>Written By: Arun S Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Muhsin Faisal (Audit Officer, On 10-12-2021) | 1-19 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 23-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Arun S Nair (Asst. Audit Officer, On 23-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arun S Nair (Asst. Audit Officer, On 23-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Arun S Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Arun S Nair (Asst. Audit Officer, On 23-10-2021)<br>Last Updated By: Arun S Nair (Asst. Audit Officer, On 23-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arun S Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arun S Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: Johncy John (Computer Assistant, On 04-12-2021) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Arun S Nair (Asst. Audit Officer, On 01-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arun S Nair (Asst. Audit Officer, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 16.2.2019ലെ 1-1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15 ന് മുൻപായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് നിർദ്ദേശങ്ങൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും, സമർപ്പിച്ച നിർദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല. ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇതിനായി പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിക്കാതെ തന്നെ ഗ്രാമ പഞ്ചായത്ത് 2019-20ലെ പുതുക്കിയ ബജറ്റ് 19.03.2020-ലെ II-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം – ബജറ്റ് അവലോകനം നടത്തുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അലവോകനം നടത്തുന്നില്ല. അതിനാൽ, 2019-20 ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 8325000 | 5954031 | 2370969 |
| | എ | വസ്തുനികുതി | 5500000 | 4407371 | 1092629 |
| | ബി | തൊഴിൽ നികുതി | 2000000 | 1546660 | 453340 |
| 2 | | നികുതിയിതര വരവുകൾ | 2925000 | 697659 | 2227341 |
| | എ | വാടക കെട്ടിടങ്ങൾ | 61500 | 9600 | 51900 |
| | ബി | ലൈസൻസ് | 320000 | 107250 | 212750 |
| | സി | പലിശ | 600000 | 67411 | 532589 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 10207000 | 10479811 | -272811 |
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 12550000 | 4115458 | 8434542 |
| 7 | | ഭരണ ചെലവുകൾ | 1415000 | 992517 | 422483 |
| 8 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 3605000 | 3636149 | -31149 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 7822605 | 3855444 | 3967161 |
| 10 | | പ്ലാൻ-സേവന മേഖല | 67199440 | 11366428 | 55833012 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 11 | | പ്ലാൻ-പശ്ചാത്തല മേഖല | 1500000 | 2106558 | -606558 |
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 527315 | 359800 | 167515 |
| 13 | | മെയിന്റനൻസ് പ്രോജക്ടുകൾ | 5020000 | 4090231 | 929769 |

വാർഷിക കണക്കുകൾ പ്രകാരം സംരക്ഷണ ഗ്രാന്റിനത്തിൽ വരവുണ്ടെങ്കിലും ബജറ്റിൽ പ്രസ്തുത വരവ് ഉൾപ്പെടുത്തിയിട്ടില്ല.

. ഗ്രാമപഞ്ചായത്തിന് എല്ലാ വർഷവും ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് ധനകാര്യ മാനേജ്മെന്റിന്റെ അടിസ്ഥാനശിലയായ ബജറ്റിനെ ലാഘവത്തോടെ പരിഗണിക്കുന്നതു കൊണ്ടാണ്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 29.05.2020 (AIMS-മുഖേന) |

ഗ്രാമപ്പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി3 : Reserves:- തൻവർഷം ലഭിച്ച ഗ്രാന്റുകളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായ തുക കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 172747 രൂപയുടെ വർദ്ധനവ് മാത്രമേ ഈ ഹെഡിൽ(312100101) പ്രതിഫലിക്കുന്നുള്ളു.

2. ഷെഡ്യൂൾ ബി4 : Grants & Contributions For Specific Purposes:- സംയുക്ത പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ നീക്കിയിരിപ്പ് ഒഴികെ ബാക്കി തുകകളുടെ നീക്കിയിരിപ്പ് കൃത്യമല്ല. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന തുകകൾ തനത് ഫണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുകയാണ്. തന്മൂലം ഈ ഇനത്തിൽ ലഭിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനാകുന്നില്ല.

3. ഷെഡ്യൂൾ ബി4 : Grants & Contributions For Specific Purposes: അങ്കണവാടി പോഷകാഹാര പദ്ധതിക്കായി ലഭിച്ച കേന്ദ്ര വിഹിതത്തിന്റെ നീക്കിയിരിപ്പ് കൃത്യമല്ല. വാർഷിക ധനകാര്യ പത്രികയിൽ 884696 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് ആയത് മുൻബാക്കി ഉൾപ്പെടെയുള്ള തൻവർഷത്തെ വരവാണ്. ACR സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ഷെഡ്യൂൾ ബി9: Other Liabalities- ലൈബ്രറി സെസ്സ്, തൊഴിൽനികുതി അഡ്വാൻസ്, ലൈസൻസ് അഡ്വാൻസ്, വാടക അഡ്വാൻസ് എന്നീ ഇനങ്ങളിൽ ലഭിച്ച തുകകളുടെ വിശദാംശങ്ങൾ അതാത് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

5. ഷെഡ്യൂൾ B14 :- 31.03.2020-ലെ ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ഷെഡ്യൂൾ ബി 15- Sundry Debtors: വസ്തു നികുതി നീക്കിയിരിപ്പ് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ പ്രകാരം 1153114/-രൂപയാണ് ഈടാക്കാൻ അവശേഷിക്കുന്നത് എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 1394319 (ലൈബ്രറി സെസ്സ് ഉൾപ്പെടെ )രൂപയാണ്.

7. ഷെഡ്യൂൾ ബി16: Pre Paid Expence: ആകെ ലോൺ തുകയിൽ തിരിച്ചടക്കാൻ അവശേഷിക്കുന്നതായി B-5-ൽ രേഖപ്പെടുത്തിയിരിക്കുന്ന തുക ഈ ഷെഡ്യൂളിലും ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ B-16 ൽ "0" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

8. ഷെഡ്യൂൾ ബി18: Loans,Advance&Deposit: ഗ്രാമപ്പഞ്ചായത്തിന് വേണ്ടി വിവിധ പ്രവൃത്തികൾ ചെയ്യുന്നതിനായി സ്ഥാപനങ്ങൾക്ക് നൽകുന്ന മുൻകൂറുകൾ പ്രവൃത്തി പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ ലഭിക്കുന്ന മുറയ്ക്ക് ആസ്തിയാക്കി മാറ്റി അഡ്വാൻസിൽ നിന്നും ഒഴിവാക്കുന്നില്ല.

9. I-1, RP-43, B15 : വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റ്, കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

10. I-14(A), I-14(B), I-14(C) എന്നീ ഷെഡ്യൂകളിലെ തുകകൾ സുലേഖയിലെ ചെലവ് പത്രികയുമായും രസീപ്റ്റ് &പേയ്മെന്റ് പത്രികയിലെ ബന്ധപ്പെട്ട ഷെഡ്യൂകളിലെ തുകയുമായും പൊരുത്തപ്പെടുന്നില്ല. വ്യത്യാസമുള്ള സംഗതിയിൽ നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കേണ്ടതുമാണ്. ഇപ്രകാരവും ചെയ്തിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22185929 |
| വരവ് | 73576349 |
| ആകെ | 95762278 |
| ചെലവ് | 77261421 |
| നീക്കിയിരിപ്പ് | 18500857 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 1-4 ഗ്രാന്റ് വിനിയോഗം

| **ഫണ്ടിനം** | **ഒ.ബി** | **വരവ് (സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച തുക)** | **ആകെ** | **ചെലവ്** | നീക്കിയിരുപ്പ് | |
|---|---|---|---|---|---|---|
| | | | | | **ലാപ്പ്സായ തുക** | **ട്രഷറി ക്യൂബിൽ തുക** |
| വികസന ഫണ്ട്-ജനറൽ | 0 | 17546000 | 17546000 | 12657599 | 3846347 | 1042054 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8111000 | 8111000 | 2392124 | 4543876 | 1175000 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 577000 | 577000 | 168862 | 408138 | - |
| മെയിന്റനൻസ്, റോഡ് | 0 | 35581000 | 35581000 | 19609328 | 4677672 | 11294000 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4377000 | 4377000 | 3276189 | 218142 | 882669 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 10456578 | 10456578 | 8818575 | 1065008 | 572995 |

| **ഫണ്ടിനം** | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)** | | | | | |
| സാക്ഷരത | 270 | 12 | 282 | 0 | 282 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)** | | | | | |
| **ശുചിത്വ മിഷൻ** | 1986760 | 342000 | 2328760 | 1147422 | 1181338 |
| **എൻ.ആർ.ഇ.ജി.എസ്** | 1412 | 24375179 | 24376591 | 24376591 | 0 |
| I.C.D.S | 153056 | 731670 | 884696 | 250000 | 634696 |
| ശബരിമല സ്പെഷ്യൽ ഫണ്ട് | 3600014 | 3500000 | 7100014 | 2179773 | 4920241 |

ഗ്രാമപ്പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ഗ്രാന്റ് പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

- വികസനഫണ്ട്(ജനറൽ), എസ്.സി.പി, റ്റി.എസ്.പി, റോഡിതരസംരക്ഷണ ഫണ്ട് എന്നീ ഫണ്ടുകളുടെ 3-ാമത്തെ ഗഡുവായി ലഭിച്ച തുകകൾ വരവായി ഗ്രാന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
- അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ വികസനഫണ്ട്(ജനറൽ) വിഭാഗത്തിൽ നിന്നും ഈടാക്കുന്ന തുക (408800*3=1226400)(സ്രോതസ്സിൽ നിന്നും കുറച്ചത്) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.
- കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് അടക്കേണ്ട കുടിശ്ശിക തുക 271 രൂപ (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസനഫണ്ട്(ജനറൽ) വിഭാഗത്തിന്റെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.
- 2018-19 സാമ്പത്തിക വർഷം അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ വികസനഫണ്ട്(ജനറൽ) വിഭാഗത്തിൽ നിന്നും ഈടാക്കിയ തുക (1226400) (സ്രോതസ്സിൽ നിന്നും കുറച്ചത്) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.
- ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് തുക(426471) (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.
- ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് തുക(എസ്.സി) (58824) (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസന ഫണ്ട് (എസ്.സി.പി) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.
- വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് വിനിയോഗ പത്രിക എന്നിവയിലെ വരവ് ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 261 | 138484964 | 139 | 53941464 | 0 | 122 | 53.26 |

2019-20 വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകളുടെയോഗം | 19-11-2018 |
| ഗ്രാമസഭകൾ | 23-10-2018 |
| സ്റ്റാന്റിംഗ് കമ്മിറ്റി പ്രൊജക്ടുകൾക്ക് അംഗീകാരം നൽകിയത് | 4-12-2018 |
| വികസന സെമിനാർ | 29-11-2018 |
| പഞ്ചായത്ത് കമ്മിറ്റി പ്രൊജക്ടുകൾക്ക് അംഗീകാരം നൽകിയത് | 17-12-2018 |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ

പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാകുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി കാര്യക്ഷമമായി നടത്തുന്നതിനും തടസ്സമാകുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 2 | 1128169 | 517664 |
| വെറ്ററിനറി സർജൻ | 6 | 4 | 6413500 | 1440875 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 7 | 7 | 1683000 | 1074148 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 585000 | 523000 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 263000 | 258071 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20 | 13 | 33083983 | 5791651 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 7 | 4 | 6255340 | 2004171 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1420000 | 826073 |
| സെക്രട്ടറി | 38 | 25 | 21824887 | 13907558 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 6 | 4 | 810000 | 603254 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 158 | 67 | 63508375 | 25992571 |
| അസി.സെക്രട്ടറി | 8 | 7 | 1509710 | 1002412 |
| ആകെ | 261 | 139 | 138484964 | 53941464 |

വിഭാഗം

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 237 | 125 | 52.74 | 125427010 | 51378228 | 40.96 |
| പ്രത്യേക ഘടകപദ്ധതി | 17 | 10 | 58.82 | 12105617 | 2392124 | 19.76 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 7 | 4 | 57.14 | 952337 | 171112 | 17.97 |
| ആകെ | 261 | 139 | 53.26 | 138484964 | 53941464 | 38.95 |

മേഖല

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 19 | 11 | 57.89 | 12511879 | 3454822 | 27.61 |
| സേവനം | 98 | 63 | 64.29 | 64485376 | 24129340 | 37.42 |
| പശ്ചാത്തലം | 144 | 65 | 45.13 | 61487709 | 26357302 | 42.87 |
| ആകെ | 261 | 139 | 53.26 | 138484964 | 53941464 | 38.95 |

നാമമാത്രമായ ടെണ്ടർ വ്യതിയാനത്തിൽ കരാർ നിർമ്മാണച്ചുമതല ഏറ്റെടുത്തിട്ടുള്ള കരാറുകാരിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവ് ചെയ്തിട്ടില്ല. ഇ - ടെണ്ടർ ഫീസ് ഒടുക്കുന്നതിനായി അസി.എഞ്ചിനീയറുടെ പേരിൽ പുതിയ അക്കൗണ്ട് തുടങ്ങണമെന്ന സർക്കാർ നിർദേശവും പ്രാവർത്തികമാക്കിയിട്ടില്ല. നിലവിലും എക്സി.എഞ്ചിനീയറുടെ അക്കൌണ്ടിലേക്കാണ് ഇ-ടെണ്ടർ ഫീസിനത്തിലെ തുക ഒടുക്കവരുത്തുന്നത്. പ്രസ്തുത ഇനത്തിൽ നാളിതുവരെയുള്ള തുക എക്സി.എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തിരികെ വാങ്ങിയിട്ടില്ല. ആയത് ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല. ലഭ്യമായ ഭക്ഷ്യ സാധനങ്ങൾ അങ്കണവാടികളിൽ വിതരണം ചെയ്തതിന്റെ പൂർണ്ണ വിവരങ്ങൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. 03.07.2018ലെ സ.ഉ(അ)100/2018/ധന. 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1412 | 1019767 | 1021179 | 1021179 | 0 |
| തൊഴിലാളികളുടെ വേതനം | 0 | 23000412 | 23000412 | 23000412 | 0 |
| 100 തൊഴിൽ ദിന ബോണസ്സ് | 0 | 355000 | 355000 | 355000 | 0 |
| ആകെ | 1412 | 24375179 | 24376591 | 24376591 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താ-ക്കളുടെ എണ്ണം* | *ചെലവ് തുക* |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1977 | 10859400 |
| വിധവാ പെൻഷൻ | 862 | 4858800 |
| കർഷക തൊഴിലാളി പെൻഷൻ | 209 | 1173000 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിട്ടുന്നവർക്കുള്ള പെൻഷൻ | 269 | 1554200 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 27 | 151200 |
| തൊഴിൽ രഹിത വേതനം | 4 | 4800 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.10.2021 03.30 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9632 രൂപ

നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

**പൊതുനിയന്ത്രണം**

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ നിലവിൽ ക്ലർക്ക്, സീനിയർ ക്ലർക്ക് എന്നിവരുടെ മൂന്ന് തസ്തികകൾ വീതം ഉള്ളതിൽ , ജൂൺ 2019 മുതൽ ഒരു തസ്തിക (ക്ലർക്ക്/ സീനിയർ ക്ലർക്ക്) ഒഴിഞ്ഞു കിടക്കുകയാണ്. തന്മൂലം, ടി സീറ്റിലെ ചുമതല മറ്റ് ജീവനക്കാർക്ക് വിഭജിച്ച് നൽകിയത് ഓഫീസിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. ദിവസവേതനാടിസ്ഥാനത്തിൽ ഒരു ക്ലർക്കിന്റെ സേവനം ഉപയോഗിച്ച് ജോലികൾ നിർവ്വഹിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. സാമ്പത്തിക വർഷാവസാനം അക്കൗണ്ടന്റിന്റെ സേവനവും പഞ്ചായത്തിന് ലഭ്യമായില്ല. ടോക്കൺ സിസ്റ്റവും ഡിസ് പ്ലേ ബോർഡുമുള്ള ഫ്രണ്ട് ഓഫീസ് മികച്ച രീതിയിലാണ് പ്രവർത്തിക്കുന്നത്. ജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകാൻ പഞ്ചായത്തിന് കഴിയുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിന് ISO 9001 സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്, എന്നാൽ ഘടകസ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടില്ല.

**അക്കൗണ്ടിംഗ് സംവിധാനം**

ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എല്ലാ ബാങ്ക് അക്കൗണ്ടുകളും മാസാവസാനം റിക്കൺസിലിയേഷൻ നടത്തുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല.

**ഗ്രാമസഭ**

പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളിൽ ജനപങ്കാളിത്തം വളരെ കുറവാണ്. പരമാവധി ആളുകളെ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഗ്രാമസഭകളിൽ ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. ഗ്രാമസഭയിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ പദ്ധതി ആസൂത്രണത്തിൽ പ്രതിഫലിക്കുന്നില്ല.

**വർക്കിംഗ് ഗ്രൂപ്പുകൾ**

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ എന്നിവയുടെ വർക്കിംഗ് ഗ്രൂപ്പ് ഓഡിറ്റ് വർഷം കൂടിയിട്ടില്ല. ഒട്ടുമിക്ക വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകളും സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.9.2017 | 2009-10 മുതൽ 2016-17വരെ | 30.10.2017 |
| പെർഫോമൻസ് ഓഡിറ്റ് | 26.7.2021 | 3/2021 | ലഭ്യമാക്കിയിട്ടില്ല |

## 1-11 വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമായ വസ്തുനികുതിയിനത്തിൽ (സർവ്വീസ് സെസ് ഉൾപ്പെടെ) 2019-20 സാമ്പത്തിക വർഷം **13,94,319** രൂപ ഈടാക്കാൻ അവശേഷിക്കുന്നു. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Receivables For Property Tax On Residential Building (Current) (സർവ്വീസ് സെസ് ഉൾപ്പെടെ) | 140081 |
| Receivables For Property Tax On Residential Building (Arrear) | 80606 |

| | |
|---|---|
| (സർവ്വീസ് സെസ് ഉൾപ്പെടെ) | |
| Receivables For Property Tax On Non-Residential Building (Current) (സർവ്വീസ് സെസ് ഉൾപ്പെടെ) | 819044 |
| Receivables For Property Tax Non- Residential Building (Arrear) (സർവ്വീസ് സെസ് ഉൾപ്പെടെ) | 354588 |
| **Total** | **1394319** |

വസ്തുനികുതി ഇനത്തിലുള്ള കുടിശ്ശിക 1394319 രൂപ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 രസീതുകളുടെ ഉപയോഗം-പൊതു അപാകങ്ങൾ

2019-20 സാമ്പത്തിക വർഷം നിർവ്വഹണ ഉദ്യോഗസ്ഥർക്കും പഞ്ചായത്തിലെ ജീവനക്കാർക്കുമായി വിതരണം ചെയ്ത രസീതു ബുക്കുക്കൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഉദാഹരണസഹിതം ചുവടെ ചേർക്കുന്നു.

1) സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്രമപ്രകാരം ക്യാൻസൽ ചെയ്ത് രസീത് ബുക്കുകൾ ഗ്രാമപ്പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നില്ല.

ഉദാ:- 25902 , 18373

2) രസീത് ബുക്കിലെ പേജുകളുടെ എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല.

ഉദാ:- 54367, 54351

3) വെറ്റിനറി സർജന് ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി നൽകിയ രസീതു ബുക്കിൽ നിന്നും നൽകുന്ന രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം രസീത് പ്രകാരം പിരിക്കുന്ന തുക യഥാസമയം പഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

ഉദാ:- 54368 ,54369 , 54370

മുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204ആം - വകുപ്പ് , 1996 ലെ തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് തൊഴിലെടുക്കുകയും ചട്ടത്തിൽ അനുശാസിക്കുന്ന കുറഞ്ഞ വേതനമായ 12,000 രൂപ (അർദ്ധവർഷിക വരുമാനം) കൈപ്പറ്റുകയും ചെയ്താൽ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ നികുതി അടക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ അർദ്ധവാർഷിക പത്രിക സമർപ്പിച്ചിട്ടുണ്ടെങ്കിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ബ്ലോക്ക് റൂറൽ ഹൗസിംഗ് സൊസൈറ്റി വടശ്ശേരിക്കര (രണ്ടാം അർദ്ധവർഷം)

2) പോസ്റ്റ് ഓഫീസ് പേഴുംപാറ (രണ്ട് അർദ്ധവർഷത്തെയും)

തൊഴിൽ നികുതി ഈടാക്കാത്തതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 12 തീയതി 25.10.2021) നികുതി ഈടാക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് കത്തു നൽകിയിട്ടുണ്ടെന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയത്. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 വികസന ഫണ്ടിൽ നിന്നും പിൻവലിച്ച തുക ചെലവഴിച്ചില്ല

ബാലസഭാ പ്രവർത്തനങ്ങൾക്കായി 2019-20 വർഷം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 50000 രൂപ പഞ്ചായത്ത് സി.ഡി.എസ് ചെയർ പേഴ്സന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നമ്പർ 40313100101638) സൂക്ഷിച്ചിരിക്കുന്നു. തുക ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23/30-10-21) കോവിഡ് മാനദണ്ഡങ്ങൾ കാരണമാണ് തുക ചെലവഴിക്കാൻ സാധിക്കാതിരുന്നതെന്ന് വി.ഇ.ഒ അറിയിച്ചു. ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം സാമ്പത്തിക വർഷം അവസാനിച്ചിട്ടും ചെലവഴിക്കാത്ത വികസന ഫണ്ട് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത തുക ചെലവഴിക്കാൻ സാധിക്കാത്തപക്ഷം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടക്കേണ്ടതാണ്.

കുടുംബശ്രീ ചാർജ് ഓഫീസറായ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തേണ്ട ടി പ്രോജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥൻ വി.ഇ .ഒ ആയതിന്റെ കാരണം വ്യക്തമല്ല. മേൽ വിഷയങ്ങളിലേക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ലാപ്ടോപ്പ് അധികം തുക ഒടുക്കി

അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ പദ്ധതിയുടെ (നം. 11/20) നടത്തിപ്പിനുവേണ്ടി ഒരു ലാപ്ടോപ്പിന്റെ വിലയായി 33762 രൂപ (ബിൽ റഫറൻസ് നം. 1905115200530091 1896, 1-12-19) കെൽട്രോണിൽ ഒടുക്കിയിരുന്നു. ലാപ്ടോപ്പിനൊപ്പം കെൽട്രോണിൽ നിന്നും ലഭ്യമാക്കിയ ബില്ലിൽ 32190 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികമായി കെൽട്രോണിൽ ഒടുക്കിയ 1572 രൂപ (33762-32190) തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-15(1) ലാപ്ടോപ്പിന് അധികം തുക ഒടുക്കി

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ലാപ്ടോപ്പ്, രണ്ട് പ്രിന്റർ എന്നിവ വാങ്ങുന്നതിനായി കെൽട്രോണിൽ നിന്നുള്ള ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ലാപ്ടോപ്പൊന്നിന് 33762 രൂപയും , 14851 രൂപ നിരക്കിൽ രണ്ട് പ്രിന്ററിനും കൂടി 63464 രൂപ ( ബിൽ നം.13/19-20, 11-11-2019) ഉൾപ്പെടെ 97226 രൂപ പ്രസ്തുത സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ട്. കെൽട്രോണിന്റെ 18-2-20ലെ 190105022602 നമ്പർ ക്യാഷ് ഇൻവോയ്സ് പ്രകാരം ലാപ്ടോപ്പിന് ഈടാക്കിയിട്ടുള്ള വില 32190 രൂപയാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 13/25.10.2021) നൽകിയതിന് അധികമായി കെൽട്രോണിൽ ഒടുക്കിയ തുക തിരികെ വാങ്ങി പഞ്ചായത്തിൽ ഒടുക്കമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രിന്റർ ലഭ്യമായതിന്റെ വിവരം സംബന്ധിച്ച് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ലാപ്ടോപ്പിന് നൽകിയ അധിക തുക 1572 രൂപ തിരികെ ഈടാക്കേണ്ടതും, പ്രിന്റർ കൈപ്പറ്റിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 കരാറുകാർക്ക് ബിൽതുക നൽകിയപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല.

ഗ്രാമപഞ്ചായത്തിലെ എല്ലാ പ്രവൃത്തിയും നാമമാത്രമായ ടെണ്ടർ വ്യതിയാനത്തിലാണ് നൽകിയിട്ടുള്ളത്. എന്നാൽ പ്രവർത്തികൾ ചെയ്ത കരാറുകാർക്ക് ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും ടി ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെയാണ് തുക നൽകിയിട്ടുള്ളത്. ടി അപാകം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.9/23.10.2021) നൽകിയതിനെത്തുടർന്ന 4 കരാറുകാരിൽ നിന്നും 2903 രൂപ തിരികെ ഈടാക്കി പഞ്ചായത്തിൽ ഒടുക്കവരുത്തി. ഇനിയും ഈടാക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | കരാറുകാരൻ | പ്രവൃത്തിമൂല്യം | ടെണ്ടർ കുറവ് | ഈടാക്കേണ്ടതുക |
|---|---|---|---|---|---|
| 1 | പട്ടമനപ്പടി-അമ്പലം റോഡ്(72) | വിജു .വി.ആർ | 356784 | .01% | 36 |
| 2 | തെക്കുംമല ഓലിപ്പാറ റോഡ് (70) | വിജു .വി.ആർ | 360091 | .01% | 36 |
| 3 | കോടമല അമ്പലപ്പടി റോഡ് (87) | മാത്യു പി.പി | 133607 | .02% | 27 |
| 4 | കുമ്പളാം പൊയ്ക-നിരപ്പേൽ വള്ളിയാനി റോഡ്(273) | കെ.എസ്.പുരുഷോത്തമൻ | 441092 | .1% | 441 |
| 5 | ഇടക്കുളം -അമ്പലപ്പടി | എം.എ.സാബു | 441882 | .1% | 442 |

| | | | | | |
|---|---|---|---|---|---|
| | റോഡ്(89) | | | | |
| 6 | കുമ്പളത്താമൺ-തേക്കുതോട്ടം റോഡ്(123) | കെ.എൽ ഗോപി | 356974 | .1% | 357 |
| 7 | ടെലി.എക്സ്-പൂവത്തുങ്കൽപടി റോഡ് ((189) | നൂറുദ്ദീൻ | 401120 | .1% | 402 |
| 8 | ആലയ്ക്കൽപടി പേഴത്തിനാൽപടി റോഡ്(245/20) | കെ.എൽ ഗോപി | 441092 | .1% | 441 |
| 9 | അമ്പാട്ടുപടി -മണപ്പാട്ടുപടി റോഡ്(98) | നൂറുദ്ദീൻ | 401568 | .1% | 402 |
| 10 | പൊയ്കയിൽപടി ഏറത്തേടത്ത് പടി റോഡ്( 140) | എം.എ.സാബു | 448571 | .1% | 449 |
| 11 | മണിയാർ ഹൈസ്കൂൾ റോഡ്( 109) | നൂറുദ്ദീൻ | 101277 | .1% | 102 |
| | | ആകെ | | | 3135 |

നാമമാത്രമായ തുകയാണെങ്കിലും ടെണ്ടർ കുറവ് രേഖപ്പടുത്തിയതിനാലാണ് പ്രസ്തുത കരാറുകാർക്ക് വർക്കുകൾ ലഭിച്ചത് എന്നിരിക്കെ ടെണ്ടർകുറവ് രേഖപ്പെടുത്തിയ തുക കുറവ് ചെയ്യാതെ പ്രവൃത്തിമൂല്യത്തെ അടിസ്ഥാനമാക്കി കരാറുകാർക്ക് തുക നൽകിയത് ക്രമമല്ല. പഞ്ചായത്തിൽ ഒടുക്കിയ തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടക്കേണ്ടതും, ഈടാക്കാൻ അവശേഷിക്കുന്ന തുക കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-17 ABC പ്രോഗ്രാം - അവലോകനം

സെക്രട്ടറി നിർവ്വഹിച്ച ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (48/20) എന്ന പ്രോജക്ട് പ്രകാരം 200000 രൂപ(വികസന ഫണ്ട് (ജനറൽ) - ബിൽ നം. 19051152005200209559/10.6.19) കുടുംബശ്രീയുടെ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷൻ നൽകിയ പ്രോജക്ടിന്റെ വിനിയോഗ വിവരങ്ങൾ പ്രകാരം ചുവടെ പറയുന്ന തുക വകയിരുത്തി വിനിയോഗിച്ചിട്ടുണ്ട്.

| ഇനം | ലഭിച്ച തുക (കുടുംബശ്രീ മിഷന്) | വിനിയോഗിച്ച തുക |
|---|---|---|
| 2017-18 ഗ്രാമപഞ്ചായത്ത് വിഹിതം | 150000 | 420000 |
| 2017-18 ജില്ലാ പഞ്ചായത്ത് വിഹിതം | 70000 | |
| 2018-19 ഗ്രാമപഞ്ചായത്ത് വിഹിതം | 200000 | |
| 2019-20 ഗ്രാമപഞ്ചായത്ത് വിഹിതം | 200000 | |
| ആകെ | 620000 | 420000 |

1813/P2/2017/Kshree Pta/27.4.2020 നമ്പർ വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം 2018-19, 2019-20 വർഷങ്ങളിൽ യഥാക്രമം 108, 92 നായകളെ പഞ്ചായത്ത് പരിധിയിൽ നിന്നും പിടിച്ച് വന്ധ്യംകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കണക്കുകൾ സംബന്ധിച്ച് പഞ്ചായത്തിൽ രേഖകൾ എന്തെങ്കിലുമുണ്ടോ എന്നും കണക്കിന്റെ ആധികാരിത വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ എന്നും, വിനിയോഗ സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ച പ്രകാരം കുടുംബശ്രീ മുഖേന (സി.ഡി.എസ്) സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോ എന്നതും സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (18/29.10.2021) നൽകിയിരുന്നു. ഇതിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത വർഷങ്ങളിൽ യഥാക്രമം 35, 165 നായ്ക്കളെയാണ് പിടിച്ചുള്ളത് എന്ന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയത്, കുടുംബശ്രീ മിഷൻ

നൽകിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സി.ഡി.എസ് മുഖേനയുള്ള സോഷ്യൽ ഓഡിറ്റ് നടന്നിട്ടില്ല എന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 6(1) ചട്ടം പ്രകാരം അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ച് നശിപ്പിച്ച് പൊതുജനാരോഗ്യം സംരക്ഷിക്കുന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപെടുന്നതാണ്. പഞ്ചായത്ത് പരിധിയിൽ നായയുടെ കടി ഏറ്റതിന് ജസ്റ്റിസ് സിറി ജഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 172833 രൂപ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്.

ജില്ലയിൽ എ.ബി.സി. പദ്ധതി നിർവ്വഹണം കുടുംബശ്രീ മുഖേനയാണ് നടന്നിരുന്നത്. എന്നാൽ തങ്ങളുടെ അനുമതിയില്ലാതെ കുടുംബശ്രീ പോലുള്ള ഏജൻസികളെ എ.ബി.സി. പദ്ധതി നടത്തിപ്പ് ഏൽപ്പിക്കരുതെന്ന് കാണിച്ച് കേന്ദ്ര മൃഗക്ഷേമബോർഡ് ഹൈക്കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് നേടുകയും ചെയ്തിട്ടുണ്ട്. ഇതോടെ എ.ബി.സി. പദ്ധതി മുടങ്ങിയ നിലയിലാണ്. പദ്ധതി മുടങ്ങിയതോടെ ഗ്രാമപഞ്ചായത്തിൽ തെരുവ് നായ ശല്യം രൂക്ഷമാണ്. ഈ വിഷയം തുടർനടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

വർഷാ വർഷം തുക നൽകുന്നതിനപ്പുറം പ്രോജക്ടിന്റെ മോണിട്ടറിംഗ് പഞ്ചായത്ത് തലത്തിൽ നടക്കുന്നില്ല. കുടുംബശ്രീ ജില്ലാ മിഷനാണ് പ്രോജക്ടിന്റെ നിർവ്വഹണമെങ്കിലും ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടോ എന്നുറപ്പ് വരുത്തേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. കുടുംബശ്രീ സി.ഡി.എസ് മുഖേനയുള്ള സോഷ്യൽ ഓഡിറ്റിന്റെ അനിവാര്യതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. പദ്ധതിയുടെ തുടർവർഷ പ്രവർത്തനത്തിന് ശക്തമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

## 1-18 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ലഭ്യമായ തുക ചെലവഴിക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിന് ഓഡിറ്റ് വർഷം ലഭിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയായ 10456578 രൂപയിൽ 8818575 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. സ.ഉ(കൈ.) 300/2018/ധന തീയതി 17.8.2018 പ്രകാരം പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് നിർവ്വഹിക്കേണ്ട പൗരസേവനങ്ങളായ കുടിവെള്ള വിതരണം, ശുചീകരണം, അഴുക്കുചാൽ ശുചീകരണം, മാലിന്യ നിർമ്മാർജ്ജനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, ഗതാഗതം, തെരുവു വിളക്ക് കത്തിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. പൈപ്പ് ലൈൻ നീട്ടൽ, സ്ട്രീറ്റ് ലൈറ്റ് ലൈൻ നീട്ടൽ എന്നിവയുടെ വിവിധ നിക്ഷേപ പ്രവൃത്തികൾക്കും, ബയോഗ്യാസ് പ്ലാന്റിന്റെ പ്രവർത്തന ചെലവുകൾക്കും മാത്രമാണ് തൻ വർഷം ഫണ്ട് ചെലവഴിച്ചിട്ടുള്ളത്. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുതകുന്ന പ്രോജക്ടുകൾ കൂടി നടപ്പിലാക്കാനും ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുവാനും ഗ്രാന്റ് പൂർണ്ണമായി വിനിയോഗിക്കാനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-19 പൊതുടാപ്പുകളുടെ വെള്ളക്കരം- ഗാർഹിക കണക്ഷനുകൾ പ്രോത്സാഹിപ്പിക്കുന്നില്ല

പഞ്ചായത്തിലെ 280 പൊതുടാപ്പുകൾക്ക് ഓഡിറ്റ് വർഷം 1472613 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ടാപ്പുകൾ എല്ലാം പ്രവർത്തനക്ഷമമാണോ എന്നുറപ്പ് വരുത്താൻ പഞ്ചായത്ത് നാളിതു വരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ കൃത്യമായ കണക്കെടുക്കാൻ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും പറഞ്ഞിട്ടുണ്ടെങ്കിലും നാളിതുവരെ പരിശോധന നടത്തിയിട്ടില്ല. കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. സ.ഉ (കൈ.)22/2018/ തസ്വഭവ തീയതി 14.2.2018 ഖണ്ഡിക 6.6 കുറിപ്പ് 2 പ്രകാരം പൊതുടാപ്പുകൾ നൽകാൻ പാടില്ലാത്തതും പകരം ഗാർഹിക കണക്ഷന് പ്രാധാന്യ നൽകേണ്ടതാണ് എന്ന് പറഞ്ഞിട്ടുണ്ട്. ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ എല്ലാ വീടുകൾക്കും നൽകുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കണം എന്നും സൂചിപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ, ഗാർഹിക കണക്ഷനുകൾക്ക് മുൻഗണന നൽകി പഞ്ചായത്ത് ഫണ്ടിന്റെ ചെലവ് കുറയ്ക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 50000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 34337 | അംഗൻവാടി പോഷകാഹാരം | 34337 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അംഗൻവാടികൾക്ക് വാട്ടർ കണക്ഷൻ (12/20) | 190511520052003833321/ 25.7.2019 | 217892 | 0 | 217892 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (46/20) | 190511520052003833319/ 25.7.2019 | 1898035 | 263527 | 1634508 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (193/20) | 19051152005200189929/ 5.4.2019 | 634056 | 634056 | 0 |
| വൈദ്യുതി ബോർഡ് | സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ (43/20) | 19051152005201006150/ 27.12.2019 | 497488 | 0 | 497488 |
| | | 19051152005201006156/ 27.12.2019 | 457840 | 0 | 457840 |
| | | 19051152005201006168/ 27.12.2019 | 424800 | 0 | 424800 |
| | | 19051152005201006177/ | 462929 | 0 | 462929 |

| | | | | | |
|---|---|---|---|---|---|
| | | 27.12.2019 | | | |
| | | 19051152005201006185/ 27.12.2019 | 459004 | 0 | 459004 |
| | | 19051152005201006193/ 27.12.2019 | 469050 | 0 | 469050 |
| | | 19051152005201006201/ 27.12.2019 | 378780 | 0 | 378780 |
| | | ആകെ | 3149891 | 0 | 3149891 |
| വൈദ്യുതി ബോർഡ് | സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ (194/20) | 19051152005201559186/ 6.4.2019 | 438016 | 0 | 438016 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വായ്പ തുക (തൻ വർഷത്തെ വരവ്) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| KURDFC ലൈഫ് ഭവന പദ്ധതി | 0 | 4077241 | 485295 | 0 | 3591946 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച **23778** രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയതി |
|---|---|---|---|---|
| 2012-13 | 3-5 | 1031 | ശ്രീമതി രാജമ്മ പുഷ്പാംഗദൻ, മുൻ മെമ്പർ | 119030101059/6.6.19 |
| 2012-13 | 3-5 | 1031 | ശ്രീ. ആനന്ദൻ എ വി, മുൻ മെമ്പർ | 119030101067/6.6.19 |
| 2012-13 | 3-5 | 1031 | ശ്രീ. ജോസഫ് വർഗ്ഗീസ് , മുൻ മെമ്പർ | 119030101108/7.6.19 |
| 2012-13 | 3-5 | 1031 | ശ്രീ. ഭദ്രൻ, മുൻ മെമ്പർ | 119030101120/10.6.19 |
| 2012-13 | 3-5 | 1031 | ശ്രീമതി സ്വപ്ന സൂസൻ ജേക്കബ്, മെമ്പർ | 119030101457/3.7.19 |
| 2012-13 | 3-5 | 1031 | ശ്രീ. പ്രവീൺ പ്രഭാകർ, മുൻ മെമ്പർ | 119030101511/8.7.19 |
| 2012-13 | 3-5 | 1031 | ശ്രീ. യശോധരൻ നാണു, മുൻ മെമ്പർ | 119030101516/8.7.19 |

| | | | | |
|---|---|---|---|---|
| 2012-13 | 3-5 | 1031 | ശ്രീമതി ലത സുരേഷ്, മുൻ മെമ്പർ | 119030101529/9.7.19 |
| 2012-13 | 3-5 | 1031 | ശ്രീമതി ബിന്ദു പി ആർ, മുൻ മെമ്പർ | 119030101536/9.7.19 |
| 2012-13 | 3-5 | 1031 | ശ്രീ. ലാൽ വാസുക്കുട്ടി, മുൻ മെമ്പർ | 119030101651/17.7.19 |
| 2012-13 | 3-5 | 1031 | ശ്രീ. രവീന്ദ്രൻ ജി, മുൻ സെക്രട്ടറി | 119030101677/18.7.19 |
| 2017-18 | 3-3 | 6037 | ശ്രീമതി അമ്മിണിക്കുട്ടി റ്റി സി, മുൻ അസിസ്റ്റന്റ് എഞ്ചിനീയർ | 119030102890/12.11.19 |
| 2018-19 | 2-8 | 700 | ശ്രീ. അനൂപ് സോമൻ, കരാറുകാരൻ | 119030104027/18.1.20 |
| 2018-19 | 2-8 | 700 | ശ്രീ. കുര്യൻ കെ വർഗ്ഗീസ്, കരാറുകാരൻ | 119030104028/18.1.20 |
| **ആകെ** | | **23778** | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-14 | 2007-08 | 3-16(1) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ധനസഹായ വിതരണ മേഖലകളിൽ കൃത്രിമം കാണിച്ചു | VC/3/13/PTA നമ്പർ കേസ് നിലനിൽക്കുന്നു |
| 2014-15 | 2-1 | 2016-17 | അദ്ധ്യായം 2 അനുബന്ധം 4 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-1 | 2016-17 | അദ്ധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| | 2-2 | 2016-17 | അദ്ധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| | 2-3 | 2016-17 | അദ്ധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 95762278 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77261421 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ ഓഫീസിൽനിന്ന് ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 6/1039/2011 തീയതി 25-11-2009 | 9 |
| 1996-97 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 5/747/2008 തീയതി 11-01-2010 | 4 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/651/1997 തീയതി 09-10-2000 | 1 |
| 1997-98 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 5/748/2008 തീയതി 11-01-2008 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/534/98 തീയതി 26-02-2009 | എല്ലാ ഖണ്ഡികകളും |
| 1997-98 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ-പി 3/575/1999 തീയതി 02-02-2000 | എല്ലാ ഖണ്ഡികകളും |
| 1998-99 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 5/462/2009 തീയതി 11-05-2010/04-11-2011 | 2 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/213/2000 തീയതി 14-11-2000 | 18 |

| | | |
|---|---|---|
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 5/751/2009 തീയതി 11-01-2010 | 2 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/243/2003 തീയതി 03-02-2003 | എല്ലാ ഖണ്ഡികകളും |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/446/2005 തീയതി 01-10-2005 | 6 |
| 2000-01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ-പി 4/648/2008 തീയതി 14-01-2005 | 8 |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 4/247/2008 തീയതി 30-06-2009 | 30 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/447/2005 തീയതി 17-12-2008 | എല്ലാ ഖണ്ഡികകളും |
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ-പി 4/649/2003 തീയതി 14-01-2005 | എല്ലാ ഖണ്ഡികകളും |
| 2002-03 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 4/248/2008 തീയതി 31-07-2009 | എല്ലാ ഖണ്ഡികകളും |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/405/2007 തീയതി 26-03-2008 | എല്ലാ ഖണ്ഡികകളും |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി 8/249/2008 തീയതി 30-06-2009 | എല്ലാ ഖണ്ഡികകളും |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി 5/754/2008 തീയതി 07-02-2010 | 37 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി 6/755/2008 തീയതി 07-07-2010 | 15 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി 8/23/2011 തീയതി 07-01-2008 | 7 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി 8/24/2011 തീയതി 08-01-2013 | 17 |
| 2008-09 മുതൽ 2011-12 വരെ | എൽ.എഫ്.പി.റ്റി.എ-പി 6/97/2013 തീയതി 09-05-2013 | 20 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 6/1151/2014 തീയതി 20-03-2015/31-07-2015 | 11 |
| 2013-14 & 2014-15 | എൽ.എഫ്.പി.റ്റി.എ-പി 11/1151/16 തീയതി 05-06-2016 | 7 |
| 2015-16 | എൽ.എഫ്.പി.റ്റി.എ-പി 6/975/2016 തീയതി 30-08-2016 | 10 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി 11/676/2017 തീയതി 31-03-2018 | 32 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി-11/1526/2018 തീയതി 11.12.2018 | 15 |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി-11/627/2019 തീയതി 17.8.2019 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

പത്തനംതിട്ട

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്